**ORIGINAL**
(To be retained with the
officer incharge of Eye Bank)

# നേത്രദാനസമ്മതപത്രം
# Eye Donation Pledge

1. മരണശേഷം എന്റെ കണ്ണുകൾ ........................................................................................................
ആശുപത്രിയിലെ നേത്ര ബാങ്കിലെയോ, കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത നേത്ര ബാങ്കിലെയോ ഡോക്ടർ ഓപ്പറേഷൻ ചെയ്ത് എടുക്കുന്നതിനും അത് ചികിത്സാപരമായ ആവശ്യങ്ങൾക്ക് യുക്തമായ രീതിയിൽ ഉപയോഗിക്കുന്നതിനും ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

എന്ന്,

പേര് ..............................................................................................................................................

വയസ്സ് ...................................................................................... ഒപ്പ് ...............................................................

മേൽവിലാസം ..............................................................................................................................

..........................................................................................................................................................

..........................................................................................................................................................

ഫോൺ നമ്പർ ...................................................................... തീയതി ..........................................................

2. ശ്രീ/ശ്രീമതി ............................................................................................................ യുടെ അടുത്ത ബന്ധു*വായ

എനിക്ക് മുകളിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് പൂർണ്ണ സമ്മതമാണ്.

പേര് ..............................................................................................................................................

വയസ്സ് ...................................................................................... ഒപ്പ് ...............................................................

മേൽവിലാസം ..............................................................................................................................

..........................................................................................................................................................

..........................................................................................................................................................

നേത്രദാതാവുമായുള്ള ബന്ധം ............................................................................. തീയതി ................................

3. സാക്ഷികൾ** (ഒപ്പ്, പേര്, വയസ്സ്, മേൽവിലാസം)

1. 2.

---

* അടുത്ത ബന്ധു എന്നുദ്ദേശിക്കുന്നത്: ഭാര്യ/ഭർത്താവ്/പിതാവ്/മാതാവ്/പ്രായപൂർത്തിയായ സഹോദരി സഹോദരന്മാർ/മക്കൾ എന്നിവരിൽ ഒരാൾ. നേത്ര ദാതാവിന്റെ വീട്ടിൽ താമസിക്കുന്ന ബന്ധുവിനാണ് ഒപ്പിടുന്നതിന് മുൻഗണന കൊടുക്കേണ്ടത്.

** സാക്ഷികൾ ബന്ധുക്കളോ, അടുത്ത വീട്ടിൽ താമസിക്കുന്നവരോ ആകുന്നതാണ് നല്ലത്.

---

**Contact Details of Eye Banks in Kerala**

**Thiruvananthapuram - Regional Institute of Ophthalmology,Tel: 0471-2304046**
**Alapuzha - Govt. Medical College: Tel : 9846129097**
**Kottayam - Govt. Medical College: Tel: 0481 1919**
**Ernakulam - Eye Bank Association Kerala, Little Flower Hospital, Angamaly - Tel: 0484 2454779 / 3096366, 9747115757**
**Trissur - Medical College Hospital. Tel: 0487 2206450/2206452/3**

SERVE THE BLIND
THAMASO MA JYOTHIRGAMAYA
NAB KERALA

Amway OPPORTUNITY FOUNDATION

**DUPLICATE**
(To be returned to Donor)

# നേത്രദാനസമ്മതപത്രം
## Eye Donation Pledge

1. മരണശേഷം എന്റെ കണ്ണുകൾ ............................................................................................
ആശുപത്രിയിലെ നേത്ര ബാങ്കിലെയോ, കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത നേത്ര ബാങ്കിലെയോ ഡോക്ടർ ഓപ്പറേഷൻ ചെയ്ത് എടുക്കുന്നതിനും അത് ചികിത്സാപരമായ ആവശ്യങ്ങൾക്ക് യുക്തമായ രീതിയിൽ ഉപയോഗിക്കുന്നതിനും ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

എന്ന്,

പേര് ..........................................................................................................................

വയസ്സ് ............................................................................ ഒപ്പ് ..............................................................

മേൽവിലാസം ..........................................................................................................................

..........................................................................................................................

..........................................................................................................................

ഫോൺ നമ്പർ ........................................................... തീയതി ..........................................................

2. ശ്രീ/ശ്രീമതി ......................................................................................... യുടെ അടുത്ത ബന്ധു*വായ

എനിക്ക് മുകളിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് പൂർണ്ണ സമ്മതമാണ്.

പേര് ..........................................................................................................................

വയസ്സ് ............................................................................ ഒപ്പ് ..............................................................

മേൽവിലാസം ..........................................................................................................................

..........................................................................................................................

..........................................................................................................................

നേത്രദാതാവുമായുള്ള ബന്ധം ........................................................................... തീയതി ...............................

3. സാക്ഷികൾ** (ഒപ്പ്, പേര്, വയസ്സ്, മേൽവിലാസം)

1. 2.

---

* അടുത്ത ബന്ധു എന്നുദ്ദേശിക്കുന്നത്: ഭാര്യ/ഭർത്താവ്/പിതാവ്/മാതാവ്/പ്രായപൂർത്തിയായ സഹോദരീ സഹോദരന്മാർ/മക്കൾ എന്നിവരിൽ ഒരാൾ. നേത്ര ദാതാവിന്റെ വീട്ടിൽ താമസിക്കുന്ന ബന്ധുവിനാണ് ഒപ്പിടുന്നതിന് മുൻഗണന കൊടുക്കേണ്ടത്.

** സാക്ഷികൾ ബന്ധുക്കളോ, അടുത്ത വീട്ടിൽ താമസിക്കുന്നവരോ ആകുന്നതാണ് നല്ലത്.

---

**Contact Details of Eye Banks in Kerala**

**Thiruvananthapuram - Regional Institute of Ophthalmology,Tel: 0471-2304046**
**Alapuzha - Govt. Medical College: Tel : 9846129097**
**Kottayam - Govt. Medical College: Tel: 0481 1919**
**Ernakulam - Eye Bank Association Kerala, Little Flower Hospital, Angamaly - Tel: 0484 2454779 / 3096366, 9747115757**
**Trissur - Medical College Hospital. Tel: 0487 2206450/2206452/3**

NAB SERVE THE BLIND THAMASO MA JYOTHIRGAMAYA
NAB KERALA

Amway OPPORTUNITY FOUNDATION

ലോകത്തുള്ള ആകെ അന്ധരുടെ 20 ശതമാനത്തോളം നമ്മുടെ രാജ്യത്താണുള്ളത്. അതായത്, ലോകത്തെ 5 അന്ധരിൽ ഒരാൾ ഇന്ത്യക്കാരനാണ്. ഇന്ത്യയിൽ 1000 ജനസംഖ്യയിൽ 15 പേർ അന്ധരാണ്. ഇന്ത്യയിൽ 12 ദശലക്ഷം അന്ധരുണ്ട്. ഇതിൽ 20 ലക്ഷത്തോളം പേർ നേത്രപടല അന്ധത ബാധിച്ചവരാണ്. വർഷംതോറും 40,000 മുതൽ 50,000 പേർക്ക് നേത്രപടല അന്ധത ബാധിക്കുന്നുണ്ട്. അന്ധതയും ദാരിദ്ര്യവും തമ്മിൽ വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഭാരതത്തിലെ 120 ലക്ഷം അന്ധരിൽ ബഹുഭൂരിപക്ഷം പേരും ദരിദ്രരും നിരക്ഷരരുമാണ്.

## എന്താണ് നേത്രപടല അന്ധത ?

നേത്രഗോളത്തിന്റെ മുമ്പിലുള്ള സുതാര്യമായ ഭാഗമാണ് കോർണിയ അഥവാ നേത്രപടലം. ഈ നേത്രപടലത്തിലൂടെയാണ് പ്രകാശ രശ്മികൾ കണ്ണിൽ പ്രവേശിക്കുന്നത്. വ്യക്തവും കൃത്യവുമായ കാഴ്ചയ്ക്ക് നേത്രപടലത്തിന്റെ സുതാര്യത വളരെ അനിവാര്യമാണ്. സുതാര്യത നഷ്ടപ്പെട്ട നേത്രപടലം നേത്രപടല അന്ധതയ്ക്ക് കാരണമാകുന്നു.

## നേത്രപടല അന്ധത എങ്ങനെ ഉണ്ടാകുന്നു?

ജന്മനായുണ്ടാകുന്ന പല വൈകല്യങ്ങൾ കൊണ്ടും നേത്രപടല അന്ധതയുണ്ടാകാം. ഇതിന് ഉദാഹരണമാണ് Corneal dystophy, Sclerocornea മുതലായവ. പോഷകാഹാരത്തിന്റെയും ജീവകം എ യുടെയും കുറവാണ് ഇതിന് കാരണം.

ഇതുകൂടാതെ കണ്ണിൽ മുറിവുകൾ പറ്റിയാലും നേത്രപടലത്തിന്റെ സുതാര്യത നഷ്ടപ്പെടാം. ഉദാഹരണം പെൻസിൽ, പേന, സൂചി, കത്തി, വിറകുകഷണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ അലസമായി കൈകാര്യം ചെയ്യുക മൂലം കണ്ണിൽ മുറിവുണ്ടാകുകയും അത് നേത്രപടല അന്ധതയ്ക്കു കാരണമാകുകയും ചെയ്യുന്നു. പുരാണ കഥകളിലെ വീരയോദ്ധാക്കളെ അനുകരിച്ച് അമ്പും വില്ലും ഉണ്ടാക്കിക്കളിച്ച് അപകടങ്ങൾ ഉണ്ടാകുന്നത് ഇന്ത്യയിൽ ഒരു പൊതുജനാരോഗ്യ പ്രശ്നമാണ്.

വ്യവസായ ശാലകളിലെ തൊഴിലാളികൾക്കും, രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കും ആഘോഷവേളകളിൽ പടക്കം പൊട്ടിക്കുന്നവർക്കും പലവിധമായ അപകടങ്ങളിൽ പെടുന്നവർക്കും കണ്ണിൽ മുറിവുണ്ടായി നേത്രപടല അന്ധതയ്ക്ക് കാരണമാകുന്നു.

നേത്രപടല അന്ധത, നേത്രപടലം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ (Corneal Transplantation) വഴി ചികിത്സിച്ച് ഭേദമാക്കാൻ കഴിയുമെങ്കിലും നേത്രപടലത്തിന്റെ ലഭ്യത ആവശ്യകതയെക്കാൾ വളരെ കുറവാണ്. ഒരു വർഷത്തിൽ ഏകദേശം 36,000 കണ്ണുകൾ മാത്രമേ ഇപ്പോൾ നമുക്ക് ലഭിക്കുന്നുള്ളൂ. ഇതിൽ നിന്നും നമുക്കു ലഭിക്കുന്ന കണ്ണുകളുടെ അപര്യാപ്തത വ്യക്തമാണ്. ഏകദേശം 75,000 മുതൽ 1,00,000 വരെ കണ്ണുകൾ വർഷതോറും ലഭിച്ചാൽ മാത്രമേ നേത്രപടല അന്ധതയ്ക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമാവുകയുള്ളൂ.

കേരളത്തിൽ 25,000 മുതൽ 30,000 വരെ നേത്രപടല അന്ധത ബാധിച്ചവർ ഉണ്ട്. ഓരോ ജില്ലയിലും എല്ലാ ആഴ്ചയിലും രണ്ടുജോഡി കണ്ണുകൾ എങ്കിലും ലഭ്യമായാൽ നേത്രപടല അന്ധത ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിക്കും. നേത്രദാനത്തെപ്പറ്റി പല തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും ഭയവും ഇന്നും ജനങ്ങളുടെ ഇടയിൽ നിലനിൽക്കുന്നു. ഇവരെ ദൂരീകരിക്കുവാനും നേത്രദാനത്തിന്റെ മഹത്വത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാനും നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് കേരളത്തിൽ ആകമാനം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് നേത്രദാനത്തിന്റെ പ്രാധാന്യവും മനസ്സിലാക്കുവാൻ ശ്രമിച്ചുവരുന്നു.

## എങ്ങനെയാണ് നേത്രദാനം ചെയ്യുക ?

നേത്രദാനം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരാൾ മരിച്ചു എന്നിരിക്കട്ടെ. ബന്ധുക്കൾ എത്രയും വേഗം അടുത്തുള്ള നേത്രബാങ്കിൽ വിവരം അറിയിക്കുക. നേത്ര ബാങ്കിലെ ഡോക്ടർ 4 മണിക്കൂറിനുള്ളിൽ വന്ന് നേത്രങ്ങൾ എടുത്തുകൊള്ളും. അതുവരെ കണ്ണുകളുടെ പുറത്ത് വെള്ളം മുക്കിയ പഞ്ഞി വയ്ക്കുകയും തല അല്പം ഉയർത്തി വയ്ക്കുകയും ചെയ്യുക.

കണ്ണുകൾ പ്രത്യേകതരം കുപ്പിയിലാക്കി ഐസ് ബോക്സിൽ വച്ച് നേത്ര ബാങ്കിൽ 4 ഡിഗ്രി സെന്റിഗ്രേഡിൽ സൂക്ഷിക്കുകയും 24 മണിക്കൂറിനുള്ളിൽ രണ്ട് പേർക്ക് വച്ചുകൊടുക്കുകയും ചെയ്യുന്നു. അങ്ങനെ ഒരാളുടെ കണ്ണുകൾ 2 പേർക്ക് വെളിച്ചം നൽകുന്നു. ഏതു പ്രായത്തിൽ ഉള്ളവർക്കും കണ്ണുകൾ ദാനം ചെയ്യാം.

ജൈനമതക്കാരും, ബുദ്ധമതക്കാരും മരണാനന്തര നേത്രദാനത്തിന് സന്നദ്ധത പ്രകടിപ്പിക്കുന്നു. സഹജീവികളെ എങ്ങനെയും സഹായിക്കുക എന്നതായിരിക്കും ഇതിനു പിന്നിലുള്ള ചേതോവികാരം.

അന്ധവിശ്വാസവും വൈകാരികമായ കാഴ്ചപ്പാടുമാണ് നേത്രദാനത്തിന് പ്രതിബന്ധമായി നിൽക്കുന്ന ഘടകങ്ങൾ. ജീവിച്ചിരിക്കുമ്പോൾ സമ്മത പത്രം എഴുതിക്കൊടുത്തതുകൊണ്ട് മാത്രം നേത്രദാനം പ്രാവർത്തികമാകുന്നില്ല. മരണശേഷം ബന്ധുജനങ്ങൾ സഹകരിക്കുന്നതിലൂടെ മാത്രമേ നേത്രദാനം പ്രാവർത്തികമാകുന്നുള്ളൂ. അതിനാൽ മരിച്ചയാളിന്റെ സമ്മതത്തെക്കാൾ ബന്ധുക്കളുടെ സഹകരണവും സമയാനുസൃതമായ ഇടപെടലുമാണ് നേത്രദാനം സഫലീകൃതമാക്കുന്നത്. മാനസികമായ ഒരു തയ്യാറെടുപ്പാണ് ഇതിനാവശ്യം. ഈ മുഖ്യമായ കർമ്മത്തിലേക്കാണ് പൊതുജനങ്ങൾ ബോധവാന്മാരാകേണ്ടത്.